**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 232** | **10-03-2025 - ൽ മറുപടിയ്ക്ക്**

**ഓഖി ദുരന്തബാധിതർക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ, ശ്രീ. കെ. ആൻസലൻ, ശ്രീമതി ഒ എസ് അംബിക, ശ്രീ. എച്ച്. സലാം** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഓഖി ദുരന്തത്തിൽ മരണമടഞ്ഞതും, കാണാതായതുമായ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇതുവരെ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | ഓഖി ചുഴലിക്കാറ്റിന്റെ ആഘാതത്തിൽ നിന്നും തീരദേശ സമൂഹത്തിന് ആശ്വാസമെന്നോണം അടിയന്തിര സഹായ പദ്ധതികളും തുടർന്ന് അവരെ പുനരധിവസിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് മുഖേന വിവിധ പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. ഓഖിയിൽ മരിച്ചതും കാണാതായതുമായ 143 മത്സ്യത്തൊഴിലാളികളുടെ കുടുംബംഗങ്ങൾക്ക് സർക്കാർ 20 ലക്ഷം രൂപ വീതം അനുവദിച്ചു നൽകി. കൂടാതെ 1,13,923 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2000/- രൂപ വച്ച് അടിയന്തിര ധനസഹായവും പരിക്കേറ്റ 219 മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര ചികിത്സാ ധന സഹായമായി മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന 10,68,000/- രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്. പൂർണ്ണമായും വീട് നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസം 3000/- രൂപാ വീതം ജില്ലാ കളക്ടർമാർ മുഖേന വീട്ടു വാടക നൽകി. ഇതിനായി 26.64 ലക്ഷം രൂപ അനുവദിച്ചു. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുരന്തത്തിനിരയായ വിഭാഗത്തിന് സമാശ്വാസമെന്നോണം മത്സ്യത്തൊഴിലാളി യുവാക്കളിൽ നിന്ന് 178 പേരെ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ ഗാർഡുമാരായി നിയമിച്ചു. ഓഖി ദുരന്തത്തിൽ മരിച്ചവർ/ കാണാതായവരുടെ ലിസ്റ്റിൽ തിരുവനന്തപുരം ജില്ലയിൽ 142 പേരും കാസർഗോഡ് ജില്ലയിൽ ഒരാളുമാണ് ഉള്ളത്. 21.10.2018 ലെ സ. ഉ (സാധാ) നം. 681/2018/മതുവ നമ്പർ ഉത്തരവ് പ്രകാരം ഓഖി ആശ്രിതരിൽ 40 വയസ്സിൽതാഴെ പ്രായമുള്ളതും SSLC യ്ക്ക് താഴെ വിദ്യാഭ്യാസ യോഗ്യതയുമുള്ളതായ 41 പേരിൽ രണ്ടു പേരും അന്തിമ ലിസ്റ്റിൽ ഉൾപെടാത്തതിനാലും ഇവർ തമിഴ്നാട് സർക്കാരിന്റെ |

| | | | |
|---|---|---|---|
| | | | ആനുകൂല്യം കൈ പറ്റുന്നവരാണെന്ന് ബോധ്യപ്പെട്ടതിനാലും ഇവരെ ഒഴിവാക്കി 39 പേർക്ക് മത്സ്യഫെഡിന്റെ മുട്ടത്തറ നെറ്റ് ഫാക്ടറിയിലും കാസർഗോഡ് ജില്ലയിലെ ഒരാൾക്ക് കണ്ണൂർ നെറ്റ് ഫാക്ടറിയിലും ജോലി നൽകി. ആരോഗ്യ വകുപ്പിൽ ജോലി നൽകുന്നതിനായി പരിഗണിച്ച 12 പേരിൽ നഴ്സിംഗ് വിദ്യാഭാസ യോഗ്യതയുള്ള രണ്ടു പേർക്ക് ആരോഗ്യ വകുപ്പിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 തസ്തികയിൽ നിയമനം ലഭിക്കുന്നതിനു 14.11.2022 ലെ സ.ഉ (കൈ) നം. 221/2022/H&WD പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഓഖി ബാധിതരായവരുടെ ആശ്രിതരിൽ 10 പേർക്ക് ഓഖി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതും വിഴിഞ്ഞം ആഴകുളത്ത് പ്രവർത്തിക്കുന്നതുമായ സീ ഫുഡ് റസ്റ്ററന്റിൽ ജോലി നൽകിയിട്ടുണ്ട്. ഓഖി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതും വിഴിഞ്ഞം ഹാർബറിൽ നിർമ്മിച്ചിട്ടുള്ളതുമായ മത്സ്യസംസ്കരണ യൂണിറ്റു പ്രവർത്തന ക്ഷമമാകുന്നതോടെ 12 പേർക്ക് കൂടി ജോലി നല്കുന്നതാണ്.<br><br>ഓഖി ബാധിതരുടെ വായ്പ എഴുതി തള്ളുന്നതുമായി ബന്ധപ്പെട്ട് 15.10.2019 ലെ സ.ഉ (കൈ) നം. 30/19/ഡി.എം.ഡി ഉത്തരവ് പ്രകാരം പലിശയും പിഴപലിശയും പൂർണ്ണമായും ഒഴിവാക്കണമെന്നും 28.11.2017 നു ശേഷം അടയ്ക്കാൻ ബാക്കിയുള്ള മുതലിന്റെ 60 ശതമാനം സർക്കാർ, ബാങ്കുകൾക്ക് നൽകുമെന്നും ബാക്കി തുകയായ 40 ശതമാനം ബാങ്ക് എഴുതി തള്ളുമെന്നും നിർദ്ദേശിച്ചിരുന്നു. നിലവിൽ ഓഖി ദുരന്തത്തിൽ മരണപെട്ടവരുടെയും കാണാതായവരുടെയും പലവിധ വായ്പകൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു ജില്ലാകളക്ടർ തിരുവനന്തപുരം മുഖേന തുടർ നടപടികൾ സ്വീകരിക്കുന്നതിന് ലീഡ് ബാങ്കിന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത കുടുംബാംഗങ്ങളെ സഹായിക്കുന്നതിന് ഫിഷറീസ് വകുപ്പ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്നും ആയതിന്റെ നിലവിലെ അവസ്ഥയും അറിയിക്കാമോ; | (ബി) | ഓഖി പുനരധിവാസ പദ്ധതിയുമായി ബന്ധപ്പെട്ട് ഫിഷറീസ് വകുപ്പിന് 76.22 കോടി രൂപ അനുവദിക്കുകയും ഇതിൽ 51.86 കോടി രൂപ നാളിതുവരെ ചെലവഴിക്കുകയും ചെയ്തു. ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ഓഖി ദുരന്തത്തിൽ പൂർണ്ണമായും വീട് നഷ്ട്ടപ്പെട്ട 72 മത്സ്യത്തൊഴിലാളികൾക്ക് അവ പുനസ്ഥാപിച്ച് നൽകൽ. |

| | | | |
|---|---|---|---|
| | | | 2. ഓഖി ദുരന്തത്തിൽ ഭാഗികമായി വീടിനു കേടുപാടുകൾ സംഭവിച്ച 458 മത്സ്യത്തൊഴിലാളികൾക്ക് വീട് അറ്റകുറ്റ പണിക്ക് ധനസഹായം.<br>3. മറൈൻ ആംബുലൻസ് (മൂന്ന് എണ്ണം).<br>4. ഓഖി ദുരന്തത്തിൽ മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ട്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 7.38 കോടി രൂപയുടെ ധനസഹായം.<br>5. മത്സ്യത്തൊഴിലാളികൾക്ക് സൗജന്യമായി 40,000 ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്തു.<br>6. മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോൺ.<br>7. മത്സ്യത്തൊഴിലാളികൾക്ക് നാവിക് ഉപകരണം.<br>8. മത്സ്യത്തൊളിലാളി യുവാക്കളിൽ നിന്നും 900 പേരെ ഉളപ്പെടുത്തി കടൽ സുരക്ഷാ സ്ക്വാഡ്.<br>9. ഓഖി ദുരന്തത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ വിദ്യാഭ്യാസം.<br>10. ഓഖി ദുരന്തത്തിൽപ്പെട്ട മത്സ്യ ബന്ധന ഉപകരണം നഷ്ടപ്പെട്ട ശ്രീ ജോഷിക്ക് നഷ്ടപരിഹാരം.<br>11. ഓഖി ദുരന്തത്തിൽ ജീവനോപാധികൾ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് 120 FRP മത്സ്യബന്ധന യൂണിറ്റുകൾ.<br>12. വിഴിഞ്ഞത്ത് ആധുനിക മത്സ്യ സംസ്കരണ യൂണിറ്റ്, സീ ഫുഡ് റെസ്റ്ററന്റ് എന്നിവ സ്ഥാപിച്ചു.<br>13. ഓഖി ദുരന്തത്തിൽ ഉൾപ്പെട്ട 38 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീടും വസ്തുവും. |
| (സി) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കും കടൽരക്ഷാ പ്രവർത്തനത്തിനുമായി എന്തെല്ലാം ക്രമീകരണങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കും കടൽരക്ഷാ പ്രവർത്തനത്തിനുമായി നിരവധി ക്രമീകരണങ്ങളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.<br><br>ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി നാവിക് ഉപകരണങ്ങൾ നൽകുന്നതിനു 1593ലക്ഷം രൂപ അനുവദിച്ചിരുന്നു. 229.5ലക്ഷം രൂപ ചെലവഴിച്ച് 1550നാവിക് ഉപകരണങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനായി കെൽട്രോണിൽ നിന്നും വാങ്ങി. 941 ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം |

ചെയ്തു. ഓഖി പദ്ധതിയിൽ ഉൾപ്പെടുത്തി കടലിൽ മത്സ്യബന്ധനത്തിനു പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി 40,000 പേർക്ക് സൗജന്യമായി ലൈഫ് ജാക്കറ്റ് നൽകുന്നതിന് 6.10കോടി രൂപ അനുവദിച്ചു. മത്സ്യത്തൊഴിലാളികൾക്ക് 40000ലൈഫ് ജാക്കറ്റുകൾ നൽകി. പദ്ധതിയ്ക്കായി 604.94ലക്ഷം രൂപ ചെലവായിട്ടുണ്ട്. പദ്ധതി പൂർത്തിയായിട്ടുണ്ട്.

1000മത്സ്യത്തൊഴിലാളികൾക്ക് സാറ്റലൈറ്റ് ഫോൺ നൽകുന്നതിന് 9.42കോടി രൂപ അനുവദിച്ചു. ബി.എസ്.എൻ.എൽമായി ചേർന്ന് പദ്ധതി നടത്തിപ്പിനുള്ള നടപടി സ്വീകരിച്ചു. 2.25കോടി രൂപ ചെലവഴിച്ച് 240സാറ്റലൈറ്റ് ഫോണുകൾ ആദ്യഘട്ടമായി വാങ്ങി 168എണ്ണം മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു.

കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി പ്രത്യേക പരിശീലനം നൽകി 900കടൽസുരക്ഷാ സ്ക്വാഡുകളെ നിയോഗിക്കുന്നതിന് 7.15കോടി രൂപ അനുവദിച്ചു. ഗോവ ആസ്ഥാനമായി പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സ് (NIWS) എന്ന കേന്ദ്ര സർക്കാർ അംഗീകാരമുള്ള സ്ഥാപനത്തിലാണ് പരിശീലനം നൽകുന്നത്. 781പേർക്ക് നാളിതുവരെ പരിശീലനം നൽകിയിട്ടുണ്ട്. 583.96ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കിയുള്ളവർക്ക് കൂടി ട്രെയിനിംഗ് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ മത്സ്യബന്ധനത്തിന് പോകുമ്പോൾ യാനങ്ങളിലെ ജീവനക്കാരുടെ രക്ഷക്കായി ജീവൻ രക്ഷ ഉപകരണങ്ങൾ, നാവിഗേഷൻ ഉപകരണങ്ങൾ, അഗ്നിശമന ഉപകരണങ്ങൾ എന്നിവ യാനങ്ങളിൽ കരുതണമെന്ന് കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമ പ്രകാരം 12/11/2020 തീയതിയിലെ സ.ഉ(അച്ചടി) 23/2020/മഉവ നമ്പർ ഉത്തരവ് പ്രകാരം നിർബന്ധമാക്കിയിട്ടുണ്ട്. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അതിവേഗം രക്ഷാപ്രവർത്തനവും പ്രാഥമിക ചികിത്സയും ലഭ്യമാകത്തക്കവിധം കൊച്ചിൻ ഷിപ്പ്യാർഡ് മുഖേന24മണിക്കൂറും പ്രവർത്തന സജ്ജമായ മൂന്ന് മറൈൻ ആംബുലൻസുകൾ നിർമ്മിച്ച് വിഴിഞ്ഞം (പ്രതീക്ഷ), വൈപ്പിൻ (പ്രത്യാശ) ബേപ്പൂർ (കാരുണ്യ) എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വരുന്നു. പദ്ധതിയ്ക്കായി 18.24കോടി രൂപ ചെലവഴിച്ചു. ഇതിൽ7.36കോടി

രൂപ ഓഖി പദ്ധതികൾക്കായി CMDRFൽ അനുവദിച്ച തുകയിൽ നിന്നുമാണ് ചെലവഴിച്ചത്.

കൂടാതെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സുസ്ഥിരവും സുരക്ഷിതവുമായ മത്സ്യബന്ധനം ഉറപ്പാക്കുന്നതിന് 2017-18 വർഷം മുതൽ കടൽ സുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി 2295 എണ്ണം Hand held ജി.പി.എസ്സും 1473 Mounting Type ജി.പി.എസ്സും, 1132 എണ്ണം ലൈഫ്ബോയെയും, 66 എക്കോസൗണ്ടറുകളും, 64ടിസ്ട്രെസ്സ് അലേർട്ട് ട്രാൻസ്മിട്ടെറുകളും (DAT), 836 VHF-കളും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു.

മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണിലേയ്ക്ക് INCOISവഴി കേന്ദ്ര കാലാവസ്ഥ മുന്നറിയിപ്പുകളും ലഭ്യമാക്കുന്നുണ്ട്. ഫിഷറീസ് സ്റ്റേഷനുകൾ മുഖാന്തരവും കോസ്റ്റ് ഗാർഡ്, നേവി, കോസ്റ്റൽ പോലീസ് എന്നിവിടങ്ങളിലെ സന്ദേശ വിനിമയ സംവിധാനങ്ങളിലൂടെയും മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥ അറിയിപ്പും സുരക്ഷാ മുന്നറിയിപ്പും നല്കി വരുന്നുണ്ട്. ഇതു കൂടാതെ കാലാവസ്ഥ മുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തി എന്നുറപ്പാക്കുന്നതിനും കടൽരക്ഷാ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുമായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദീകരിച്ചു ഓരോ റീജിയണൽ കൺട്രോൾ റൂമുകളും സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു.

മറൈൻ ആംബുലൻസുകൾക്ക് പുറമേ കടലിൽ അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഫിഷറീസ് സ്റ്റേഷൻ കേന്ദ്രീകരിച്ചു രക്ഷാ ബോട്ടുകളും ഏർപ്പെടുത്തിയിട്ടുണ്ട്. രക്ഷാ പ്രവർത്തനങ്ങൾക്കായി ജില്ലകളിൽ നിലവിൽ ബോട്ടുകൾ വാടകയ്ക്കെടുത്ത് പ്രവർത്തിപ്പിക്കുന്നതിന് പുറമേ, ഫിഷറീസ് സ്റ്റേഷനുകളുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട് 2023-24 സംസ്ഥാന സർക്കാർ പദ്ധതി പ്രകാരം ഫിഷറീസ് സ്റ്റേഷനുകൾ മുഖാന്തരമുള്ള രക്ഷാ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഒരു ഫൈബർ ബോട്ടും, 2 എഞ്ചിനുകളും ഇൾപ്പെടെ രക്ഷാ പ്രവർത്തനങ്ങൾക്കുള്ള മറ്റ് സംവിധാനങ്ങളും ഉൾപ്പെടുന്ന റെസ്ക്യൂ യൂണിറ്റ് സജ്ജീകരിയ്ക്കുന്നതിനുള്ള പദ്ധതി പ്രകാരം 8യൂണിറ്റുകൾ പൂർത്തീകരിക്കുകയും വിഴിഞ്ഞം ഫിഷറീസ് സ്റ്റേഷനിലെ യാന നിർമ്മാണം പൂർത്തീകരിച്ചു വരുന്നുമുണ്ട്.

| | | | |
|---|---|---|---|
| | | | പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ബലവത്തായ FRPയാനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡിയോടു കൂടി ockhi പദ്ധതി പ്രകാരം 120 FRP യാനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2021-22, 2022-23സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് 200 FRPയാനങ്ങൾ, എൻജിനുകൾ, വല എന്നിവ യൂണിറ്റൊന്നിന് 5 ലക്ഷം രൂപ നിരക്കിൽ40% സബ്സിഡിയോടെ വിതരണം ചെയ്യുന്ന പദ്ധതിക്ക് അംഗീകാരം നൽകി പൂർത്തീകരിച്ചു.<br><br>കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ അതിവേഗം രക്ഷിക്കുന്നതിനും അവരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോട്സിൽ പരിശീലനം ലഭിച്ച 100 റെസ്ക്യൂ ഗാർഡ്മാരെ സംസ്ഥാനത്തെ 10 പ്രധാനപ്പെട്ട ഹാർബറുകളിൽ വിന്യസിച്ചിട്ടുണ്ട്. |
| (ഡി) | ഓഖി ദുരന്തത്തിൽ ജീവനോപാധി നഷ്ടപ്പെട്ടവർക്ക് എന്തെല്ലാം തരത്തിലുള്ള നഷ്ടപരിഹാരം ഇതിനോടകം അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (ഡി) | ഓഖി ദുരന്തത്തിൽ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ട 485 മത്സ്യത്തൊഴിലാളികൾക്ക് ഏഴ് ഘട്ടങ്ങളിലായി 7.38 കോടി രൂപ നഷ്ടപരിഹാരം അനുവദിച്ചു. ഓഖി ദുരന്തത്തിൽ ജീവനോപാധികൾ നഷ്ടപെട്ട മത്സ്യത്തൊഴിലാളികൾക്കു 120 FRP ബോട്ടുകൾ നൽകുന്ന പദ്ധതിയിൽ 1.94 കോടി കേന്ദ്ര ധനസഹായവും ബാക്കി ആവശ്യമായ 7.94 കോടി രൂപ ഓഖി ഫണ്ടിലെ നീക്കിയിരുപ്പ് തുകയിൽ നിന്നും അനുവദിച്ചിരുന്നു. നാളിതുവരെ 117 ബോട്ടുകളുടെ പണി പൂർത്തിയാവുകയും ആയതിലേക്കുള്ള വല, സുരക്ഷാ ഉപകരണങ്ങൾ, എൻജിനുകൾ (9.9 HP, 25 HP) എന്നിവ മത്സ്യഫെഡ് വഴി നൽകി. നാളിതുവരെ 8.18 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയ്ക്ക് അനുവദിച്ചിരുന്ന 75 ബോട്ടുകളിൽ 72 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി മൂന്നു ബോട്ടുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ